പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 543 | 7.07.2014 ൽ മറുപടിയ്ക്ക് |
| **സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി** | |
| ചോദ്യം | ഉത്തരം |
| ശ്രീ. തോമസ് ചാണ്ടി<br>,, എ. കെ. ശശീന്ദ്രൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കാനുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ലാ എന്നും മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം സുരക്ഷ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേയ്ക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ ഉള്ള എന്തു നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) അംഗൻവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ടവ ആയതിനാൽ അംഗൻവാടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാതിരിക്കാനും ടോയ്‌ലറ്റ് കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകുന്ന കെട്ടിടങ്ങൾ മാത്രം വാടകയ്ക്ക് എടുക്കുന്നുള്ളൂ എന്ന വിവരം ഉറപ്പ് വരുത്തേണ്ടതാണെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് നൽകുന്ന വാടകയേക്കാൾ അധികരിച്ച വാടക നൽകേണ്ടി വരികയാണെങ്കിൽ അതാത് പഞ്ചായത്തുകളുടെ |

| | |
|---|---|
| | നോൺ റോഡ് മെയ്ന്റനൻസ് ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതാണ്. ഒഴിപ്പിക്കപ്പെടുന്ന അംഗൻവാടികൾക്ക് സ്വന്തം സ്ഥലം ലഭ്യമാകുന്നുവെങ്കിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും/ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ഇത്തരത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**